"ഭരണഭാഷ – മാതൃഭാഷ"

നമ്പർ.DFB/2347/2024-G2

"സുരക്ഷാഭവൻ"
ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്
കുമാരപുരം, തിരുവനന്തപുരം-11
ഫോൺ : 0471-2441597
ഇ-മെയിൽ : directorate.fab@kerala.gov.in

തീയതി : 31-12-2024

## സർക്കുലർ നം :20/2024

വിഷയം:- ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് - 2024-ലെ സംസ്ഥാന വ്യാവസായിക സുരക്ഷിതത്വ അവാർഡുകളുടെ വിതരണം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

അപകടരഹിത സുരക്ഷിത തൊഴിലിടം എന്ന ലക്ഷ്യം മുൻനിറുത്തി സുരക്ഷിത തൊഴിൽ സാഹചര്യം ഒരുക്കുന്ന വ്യവസായശാലകൾക്ക് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നൽകി വരുന്ന വ്യാവസായിക സുരക്ഷിതത്വ അവാർഡുകളുടെ തെരഞ്ഞെടുപ്പിനായി അപേക്ഷകൾ ക്ഷണിക്കുന്നു. 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിലെ ഫാക്ടറികളുടെ പ്രവർത്തനം വിലയിരുത്തിയാണ് അവാർഡുകൾ നൽകുന്നത്. ഓൺലൈനായി മാത്രമേ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ. അപേക്ഷകൾ FABOS ഓൺലൈൻ പ്ലാറ്റ്ഫോമിലെ AWARDS മൊഡ്യൂൾ വഴി സമർപ്പിക്കാവുന്നതും അനുബന്ധ പ്രമാണങ്ങൾ upload ചെയ്യാവുന്നതുമാണ്. 01.01.2025 മുതൽ 10.01.2025 വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സംശയങ്ങൾക്ക് 8129088848, 8129088878 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ഫിസിക്കലായി സമർപ്പിക്കുന്ന അപേക്ഷകളോ 10.01.2025 ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകളോ സ്വീകരിക്കുന്നതല്ല.

Signed by P Pramod
Date: 31-12-2024 11:53:32

ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ